**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 118** **03-02-2026 - ൽ മറുപടിയ്ക്ക്**

**മലയോര ഹൈവേ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ,<br>ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | മലയോര ഹൈവേയിൽ 1179.45 കിലോമീറ്ററിൽ 476.162 മീറ്റർ പൂർത്തീകരിച്ചു. മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി കിഫ്‌ബി പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം (എ) ആയി ചേർക്കുന്നു. |
| (ബി) | കിഫ്‌ബി ഫണ്ട് വഴി നടപ്പിലാക്കുന്ന മലയോര ഹൈവേ വികസനത്തിനായി അനുവദിച്ച സാമ്പത്തികാനുമതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കിഫ്‌ബി ഫണ്ട് വഴി നടപ്പിലാക്കുന്ന മലയോര ഹൈവേ വികസനത്തിനായി അനുവദിച്ച സാമ്പത്തികാനുമതിയുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു. |
| (സി) | മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ അനുവദിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ; | (സി) | ഇതുവരെ 3867.057 കോടി രൂപയുടെ സാമ്പത്തികാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1300 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്. |
| (ഡി) | മേൽ പരാമർശിച്ച പദ്ധതിയുടെ ഭാഗമായി നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെയും കിഫ്‌ബി ഫണ്ട് വഴി യാഥാർത്ഥ്യമാക്കിയ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (ഡി) | കിഫ്‌ബി പദ്ധതിയിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മലയോര ഹൈവേ പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (സി) ആയും പൂർത്തീകരിച്ച പ്രവൃത്തികളുടെ വിശദാംശം അനുബന്ധം (എ) ആയും ചേർക്കുന്നു. |
| (ഇ) | മലയോര ഹൈവേ പൂർത്തിയാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ കാർഷിക മേഖലയിലും ടൂറിസം രംഗത്തും പൊതുവിൽ സാമ്പത്തിക രംഗത്തുമുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | കേരളത്തിന്റെ പശ്ചിമ ഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര പ്രദേശങ്ങളിലെ |

| | | | |
|---|---|---|---|
| | | | റോഡുകൾക്ക് ഏറ്റവും മികച്ച പ്രക്ഷിപ്തവും ശക്തവുമായ ഉപരിതലം വേണം എന്നതിനാൽ 12 മീറ്റർ വീതിയിൽ ബി. എം & ബി. സി നിലവാരത്തിലാണ് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കി വരുന്നത്. മലയോര ഹൈവേ പൂർത്തിയാക്കുന്നതോട്ടുകൂടി മലയോര മേഖലകളിലേക്ക് ഗതാഗത സംവിധാനം അതിവേഗത്തിലാവുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളിലെ സമഗ്ര വികസനവുമാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും, ടൂറിസം വർധിപ്പിക്കാനും, കണക്റ്റിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും, ദുരന്തസമയത്ത് ദുരിതാശ്വാസ നടപടികൾ തുടങ്ങിയവയ്ക്കും സഹായകമാകും. കൂടാതെ ഭൂമിയുടെ മൂല്യം വർധിക്കുന്നതിനാൽ ക്രയവിക്രയങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകുന്നു. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (എ)

## മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച പ്രവൃത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ

**തിരുവനന്തപുരം ജില്ല**

(i) കള്ളിക്കാട് പാറശ്ശാല – ഒന്നാം ഘട്ടം (15.4 കി.മി)

(ii) കള്ളിക്കാട് പാറശ്ശാല – രണ്ടാം ഘട്ടം (7.45 കി.മി)

(iii) കുടപ്പനമൂട്– വാഴിച്ചൽ (2.75 കി.മി)

(iv) കൊല്ലായിൽ – ചല്ലിമുക്ക് (21.08 കി.മി)

(v) പെരിങ്ങമ്മല – പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)

**കൊല്ലം ജില്ല**

(i) കൊല്ലായിൽ (ചല്ലിമുക്ക്) – പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മി)

**ഇടുക്കി ജില്ല**

(i) കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മി)

(ii) പീരുമേട് – ദേവികുളം – ഒന്നാം ഘട്ടം (12.7 കി.മി)

(iii) പീരുമേട് – ദേവികുളം – രണ്ടാം ഘട്ടം (2.9 കി.മി)

(iv) പീരുമേട് – ദേവികുളം – മൂന്നാം ഘട്ടം (5.45 കി.മി)

**തൃശ്ശൂർ ജില്ല**

(i) പട്ടിക്കാട് – വിളങ്ങന്നൂർ (5.3 കി.മി)

**മലപ്പുറം ജില്ല**

(i) പൂക്കോട്ടുംപാടം – കാളികാവ് – ഒന്നാം ഘട്ടം (8.7 കി.മി)

(ii) പൂക്കോട്ടുംപാടം – മൈലാടി പാലം (10.9 കി. മി.)

**കോഴിക്കോട് ജില്ല**

(i) കോടഞ്ചേരി – കക്കാടംപൊയിൽ (27.77 കി. മി)

**കാസർകോട് ജില്ല**

(i) നന്ദാരപ്പടവ് – ചേവാർ (23 കി. മി)

(ii) കോളിച്ചാൽ – ഇടപ്പറമ്പ് (21 കി. മി)

സെക്ഷൻ ഓഫീസർ

# അനുബന്ധം (ബി)

## മലയോര ഹൈവേ പ്രവൃത്തികൾക്ക് നൽകിയ സാമ്പത്തികാനുമതിയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരം

**തിരുവനന്തപുരം ജില്ല**

1. കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.7 കി.മി) - പ്രവൃത്തിക്ക് 53.84 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
2. കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മി) - പ്രവൃത്തിക്ക് 54.907 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
3. കുടപ്പനമൂട്- വാഴിച്ചൽ (2.75 കി.മി) - പ്രവൃത്തിക്ക് 14.31 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
4. കൊപ്പം - പെരിങ്ങമ്മല (9.45 കി.മി) - പ്രവൃത്തിക്ക് 45.25 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
5. കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മി) - പ്രവൃത്തിക്ക് 54.72 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
6. പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു) (3.5 കി.മി)- പ്രവൃത്തിക്ക് 49.69 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**കൊല്ലം ജില്ല**

1. കൊല്ലായിൽ (ചല്ലിമുക്ക്) - പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മി) - പ്രസ്തുത പ്രവൃത്തിക്ക് 201.67 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**കോട്ടയം ജില്ല**

1. പ്ലാച്ചേരി കരിങ്കല്ലുമൂഴി (7.5 കി.മി) - പ്രവൃത്തിക്ക് 33.19 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**ഇടുക്കി ജില്ല**

1. കുട്ടിക്കാനം - ചപ്പാത്ത് (19.0 കി.മി) - പ്രവൃത്തിക്ക് 82.78 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

2. പീരുമേട് – ദേവികുളം റോഡിനു ചപ്പാത്ത് മുതൽ പുളിയന്മല വരെയുള്ള ഭാഗത്ത് 175.67 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
3. മൈലാട്ടുംപാറ – പുളിയൻമല (25.78 കി.മി) – പ്രവൃത്തിക്ക് 117.47 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
4. ഏലക്കൽ പാലം – വലിയ മുല്ലക്കാനം (5.25 കി.മി) പ്രവൃത്തിക്ക് 39.79 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
5. ഇരുട്ടുക്കാനം – ഏലക്കൽ പാലം (12.87 കി.മി) – പ്രവൃത്തിക്ക് 84.66 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**എറണാകുളം ജില്ല**

1. ചേരംഗനാൽ – നേര്യമംഗലം (13.4 കി.മി) – പ്രവൃത്തിക്ക് 65.57 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
2. യൂക്കാലി ജംഗ്ഷൻ – ഇല്ലിത്തോട് (6.16 കി.മി)– പ്രവൃത്തിക്ക് 34.84 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
3. ഇല്ലിത്തോട് – അഭയാരണ്യം (elevated റോഡ്) – പ്രവൃത്തിക്ക് 32.09 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
4. വെറ്റിലപ്പാറ – മഞ്ഞപ്ര – യൂക്കാലി ജംഗ്ഷൻ (23.269 കി.മി) – പ്രവൃത്തിക്ക് 105.02 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
5. ചെട്ടിനട – ചേരങ്ങനാൽ (15.244 കി.മി) – പ്രവൃത്തിക്ക് 76.26 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**തൃശ്ശൂർ ജില്ല**

1. പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മി) – പ്രവൃത്തിക്ക് 21.372 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
2. വെള്ളിക്കുളങ്ങര – വെറ്റിലപ്പാറ പാലം (19.0 കി.മി) – പ്രവൃത്തിക്ക് 124.69 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
3. വിളങ്ങന്നൂർ– വെള്ളിക്കുളങ്ങര (30.84 കി.മി) – പ്രവൃത്തിക്ക് 136.49 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**പാലക്കാട് ജില്ല**

1. നെന്മാറ ബൈപാസ് – തങ്കം ജംഗ്ഷൻ (15.21 കി.മി) – പ്രവൃത്തിക്ക് 75.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
2. പനങ്ങാട്ടിരി–വിത്തനശ്ശേരി (7.057 കി.മി) – പ്രവൃത്തിക്ക് 33.18 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
3. ഗോപാലപുരം– നെടുമണി– സ്ട്രെച്ച് 1 (14.86 കി.മി) – പ്രവൃത്തിക്ക് 73.21 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
4. ഗോപാലപുരം– നെടുമണി– സ്ട്രെച്ച് 2 (15.73 കി.മി) – പ്രവൃത്തിക്ക് 82.56 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
5. കാഞ്ഞിരംപാറ മസ്ജിദ് – കുമരംപുത്തൂർ (18.10 കി.മി) – പ്രവൃത്തിക്ക് 91.41 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**മലപ്പുറം ജില്ല**

1. പൂക്കോട്ടുംപാടം കാളികാവ് – ഒന്നാം ഘട്ടം (8.7 കി.മി)– പ്രവൃത്തിക്ക് 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
2. പൂക്കോട്ടുംപാടം – കാളികാവ് – രണ്ടാം ഘട്ടം (18.10 കി. മി.) – പ്രവൃത്തിക്ക് 131.61 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
3. പൂക്കോട്ടുംപാടം –മൈലാടി പാലം (10.9 കി. മി.) – പ്രവൃത്തിക്ക് 49.50 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
4. പൂക്കോട്ടുംപാടം – മൂലേപ്പാടം രണ്ടാം ഘട്ടം (മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (11.5 കി. മി.) – പ്രവൃത്തിക്ക് 101.82 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
5. നിലംബൂർ മൂലേപ്പാടം നായാടംപൊയിൽ (11.5 കി. മി.) – പ്രവൃത്തിക്ക് 80.02 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
6. ചിറക്കൽ – ഉച്ചാരക്കടവ്, ഉച്ചാരക്കടവ് – കാഞ്ഞിരംപാറ (12.28 കി. മി.) – പ്രവൃത്തിക്ക് 50.57 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

**കോഴിക്കോട് ജില്ല**

1. കോടഞ്ചേരി – കക്കാടംപൊയിൽ (27.77 കി. മി) – പ്രവൃത്തിക്ക് 198.35 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

2. തലയാട് – മലപ്പുറം – കോടഞ്ചേരി – പ്രവൃത്തിക്ക് 106.08 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

3. 28–ആം മൈൽ – തലയാട് ടൗൺ (6.79 കി. മി) – പ്രവൃത്തിക്ക് 50.31 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

4. മരിപ്പുഴ – ആനക്കാംപൊയിൽ– പുല്ലൂരാംപാറ (12.0 കി. മി) – പ്രവൃത്തിക്ക് 108.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

5. ചുങ്കക്കുട്ടി – പൂതംപാറ പാലം (5.446 കി. മി. ) – പ്രവൃത്തിക്ക് 38.47 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

6. പെരുവണ്ണാമുഴി മുതൽ 28–ആം മൈൽ വരെ (15.65 കി. മി.) – പ്രവൃത്തിക്ക് 82.49 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

7. മുള്ളൻകുന്ന് – പെരുവണ്ണാമുഴി (8.06 കി. മി.) – പ്രവൃത്തിക്ക് 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

8. തൊട്ടിൽപ്പാലം – മുള്ളൻകുന്ന് (6.4 കി. മി.) – പ്രവൃത്തിക്ക് 29.77 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

9. പൂതംപാറ പാലം – മൂന്നാംകൈ– തൊട്ടിൽപ്പാലം (7.225 കി. മി.) – പ്രവൃത്തിക്ക് 45.34 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.

**വയനാട് ജില്ല**

1. കൽപ്പറ്റ ബൈപാസ് മേപ്പാടി കാപ്പൻകൊല്ലി ചൂരൽമല (16.75 കി. മി.)– പ്രവൃത്തിക്ക് 63.78 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

2. കൊട്ടിയൂർ–ബോയ്സ് ടൗൺ (43.0 കി. മി.) – പ്രവൃത്തിക്ക് 186.65 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

3. കുഞ്ഞോം – നിറവിൽപുഴ – ചുങ്കക്കുട്ടി (8.521 കി. മി.) – പ്രവൃത്തിക്ക് 36.52 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

**കണ്ണൂർ ജില്ല**

1. വള്ളിത്തോട് അമ്പായത്തോട് (25.3 കി. മി.) – പ്രവൃത്തിക്ക് 83.16 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

2. അമ്പായത്തോട്- ബോയ്സ് ടൗൺ (6.0 കി. മി.) - പ്രവൃത്തിക്ക് 41.44 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

**കാസർകോട് ജില്ല**

1. നന്ദാരപ്പടവ് - ചേവാർ (23 കി. മി.) - പ്രവൃത്തിക്ക് 54.76 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
2. കോളിച്ചാൽ - ഇടപ്പറമ്പ് (24.4 കി. മി.) - പ്രവൃത്തിക്ക് 85.15 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി.
3. കോളിച്ചാൽ ചെറുപുഴ (28.87 കി. മി.) - പ്രവൃത്തിക്ക് 89.24 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.
4. ചേവാർ - ഇടപ്പറമ്പ (27.97 കി. മി.) - പ്രവൃത്തിക്ക് 86.63 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി.

സെക്ഷൻ ഓഫീസർ

# അനുബന്ധം (സി)

## നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മലയോര ഹൈവേ പ്രവൃത്തികളുടെ ജില്ലാടിസ്ഥാനത്തിലുള്ള വിശദവിവരം

**തിരുവനന്തപുരം ജില്ല**

കൊപ്പം - പെരിങ്ങമ്മല (9.45 കി.മി) - പ്രവൃത്തി പുരോഗമിക്കുന്നു (86%).

**കോട്ടയം ജില്ല**

പ്ലാച്ചേരി കരിങ്കല്ലുമൂഴി (7.5 കി.മി) - പുതുക്കിയ DPR ഡിസൈൻ വിഭാഗത്തിൽ തയ്യാറായി വരുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരം ലഭിച്ചു രണ്ടാം ഘട്ട അംഗീകാരത്തിനായി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡിന്റെ വിശദാംശങ്ങൾ സഹിതം പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നതിന് മ്യൂട്ടേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഇടുക്കി ജില്ല**

1. പീരുമേട് - ദേവികുളം - നാലാം ഘട്ടം (6.66 കി.മി) - പ്രസ്തുത റോഡ് പൂർണ്ണമായും പരിസ്ഥിതി ലോല മേഖലകളിലൂടെ (ESA) കടന്നുപോകുന്നതിനാൽ, പരിസ്ഥിതി ക്ലിയറൻസ് (EC) ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടരുന്നു.

2. മൈലാട്ടുംപാറ - പുളിയൻമല (25.78 കി.മി) - പ്രസ്തുത റോഡ് പൂർണ്ണമായും പരിസ്ഥിതി ലോല മേഖലകളിലൂടെ (ESA) കടന്നുപോകുന്നതിനാൽ, പരിസ്ഥിതി ക്ലിയറൻസ് (EC) ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടരുന്നു.

3. ഏലക്കൽ പാലം - വലിയ മുല്ലക്കാനം (5.25 കി.മി) - പ്രവൃത്തി പുരോഗമിക്കുന്നു(42%).

4. ഇരുട്ടുക്കാനം – ഏലക്കൽ പാലം (12.87 കി.മി) – പ്രസ്തുത റോഡ് പൂർണ്ണമായും പരിസ്ഥിതി ലോല മേഖലകളിലൂടെ (ESA) കടന്നുപോകുന്നതിനാൽ, പരിസ്ഥിതി ക്ലിയറൻസ് (EC) ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു.

**എറണാകുളം ജില്ല**

1. ചേരംഗനാൽ – നേര്യമംഗലം (13.4 കി. മി) – സൗജന്യമായി ഭൂമി വിട്ടു നൽകുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

2. യൂക്കാലി ജംഗ്ഷൻ – ഇല്ലിത്തോട് (6.16 കി.മി)– സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

3. ഇല്ലിത്തോട് – അഭയാരണ്യം (elevated റോഡ്) – സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

4. വെറ്റിലപ്പാറ – മഞ്ഞപ്ര – യൂക്കാലി ജംഗ്ഷൻ (23.269 കി.മി) – സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരത്തിനായി പുതിയ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് കണ്ടെത്തേണ്ടതുണ്ട്.

5. ചെട്ടിനട – ചേരങ്ങനാൽ (15.244 കി.മി) – സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുന്നു.

**തൃശ്ശൂർ ജില്ല**

1. വെള്ളിക്കുളങ്ങര – വെറ്റിലപ്പാറ പാലം (19.0 കി.മി) – പ്രവൃത്തി പുരോഗമിക്കുന്നു (22%).
2. വിളങ്ങന്നൂർ– വെള്ളിക്കുളങ്ങര (30.84 കി.മി) – ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമായ പുളിഞ്ചോട് ജംഗ്ഷൻ മുതൽ പുളിക്കണ്ണി വരെ (പുതുക്കാട് എൽഎസിയിലെ 14/514 മുതൽ 20/014 വരെ) സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. ബാക്കിയുള്ള ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വനഭൂമി ഏറ്റെടുക്കുന്നതിനായി പുതിയ കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് കണ്ടെത്തി സംയുക്ത പരിശോധന നടത്തിയിട്ടുണ്ട്. കുറച്ച് സ്ഥലത്തിന് സംസ്ഥാന ലാൻഡ് ബോർഡിന്റെ അനുമതി കൂടി ആവശ്യമാണ്.

**പാലക്കാട് ജില്ല**

1. നെന്മാറ ബൈപാസ് – തങ്കം ജംഗ്ഷൻ (15.21 കി.മി) – സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
2. പനങ്ങാട്ടിരി–വിത്തനശ്ശേരി (7.057 കി.മി) – സാങ്കേതികാനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
3. ഗോപാലപുരം– നെട്ടുമണി– സ്ട്രെച്ച് 1 (14.86 കി.മി) – ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
4. ഗോപാലപുരം– നെട്ടുമണി– സ്ട്രെച്ച് 2 (15.73 കി.മി) – ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ജലസേചന വകുപ്പിൽ നിന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി വകുപ്പിന്റെ എൻ.ഒ.സി ലഭ്യമാക്കേണ്ടതായുണ്ട്.
5. കാഞ്ഞിരംപാറ മസ്ജിദ് – കുമരംപുത്തൂർ (18.10 കി.മി) – പ്രവൃത്തി പുരോഗമിക്കുന്നു (12%).

## മലപ്പുറം ജില്ല

1. പൂക്കോട്ടുംപാടം – കാളികാവ് – രണ്ടാം ഘട്ടം (18.10 കി. മി.) – പ്രവൃത്തി പുരോഗമിക്കുന്നു (85%).
2. പൂക്കോട്ടുംപാടം – മൂലേപ്പാടം രണ്ടാം ഘട്ടം (മൈലാടി പാലം മുതൽ മൂലേപ്പാടം വരെ (11.5 കി. മി.) – പ്രവൃത്തി പുരോഗമിക്കുന്നു (2%).
3. നിലംബൂർ മൂലേപ്പാടം നായാടംപൊയിൽ (11.5 കി. മി.) – പ്രവൃത്തി പുരോഗമിക്കുന്നു (2%).
4. ചിറക്കൽ – ഉച്ചാരക്കടവ്, ഉച്ചാരക്കടവ് – കാഞ്ഞിരംപാറ (12.28 കി. മി.) – പ്രവൃത്തി ടെൻഡർ ചെയ്തിട്ടുണ്ട്. കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## കോഴിക്കോട് ജില്ല

1. തലയാട് – മലപുറം – കോടഞ്ചേരി – ഒന്നാം ഘട്ടം (9.99 കി. മി) – പ്രവൃത്തി പുരോഗമിക്കുന്നു (80%).
2. തലയാട് – മലപുറം – കോടഞ്ചേരി – രണ്ടാം ഘട്ടം – (8.01 കി. മി.) – പ്രവൃത്തി പുരോഗമിക്കുന്നു (25%).
3. 28–ആം മൈൽ – തലയാട് ടൗൺ (6.79 കി. മി) – പ്രവൃത്തി പുരോഗമിക്കുന്നു (75%).
4. മരിപ്പുഴ – ആനക്കാംപൊയിൽ– പുല്ലൂരാംപാറ (12.0 കി. മി) – പ്രവൃത്തി പുരോഗമിക്കുന്നു (30%).
5. ചുങ്കക്കുട്ടി – പൂതംപാറ പാലം (5.446 കി. മി. ) – പ്രവൃത്തി പുരോഗമിക്കുന്നു (2%).
6. പെരുവണ്ണാമുഴി മുതൽ 28–ആം മൈൽ വരെ (15.65 കി. മി.) – Part TS –1 (5.5 കി.മീ.) പ്രവൃത്തി പുരോഗമിക്കുന്നു (30%). പാർട്ട് TS–II – 37.47 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (2%).
7. മുള്ളൻകുന്ന് – പെരുവണ്ണാമുഴി (8.06 കി. മി.) – ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

8. തൊട്ടിൽപ്പാലം - മുള്ളൻകുന്ന് (6.4 കി. മി.) - ഭൂമി ലഭ്യമായ 5 കി. മീ. സ്ട്രെച്ചിന് 14.03.2025-ൽ 28.32 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു (2%). ബാക്കി സ്ട്രെച്ചിൽ സൗജന്യമായി ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടരുന്നു.

9. പൂതംപാറ പാലം - മൂന്നാംകൈ- തൊട്ടിൽപ്പാലം (7.225 കി. മി.) - ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**വയനാട് ജില്ല**

1. കൽപ്പറ്റ ബൈപാസ് മേപ്പാടി കാപ്പൻകൊല്ലി ചൂരൽമല (16.75 കി. മി.)- 57.02 കോടി രൂപയുടെ സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി ചെയ്യാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്ത്വത്തിൽ കരാർ അവസാനിപ്പിച്ചു. ബാലൻസ് വർക്ക് പുനഃക്രമീകരിച്ച് 14.01.2024-ൽ 34.63 കോടി രൂപയുടെ പുതുക്കിയ സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെൻഡർ ചെയ്തു. പ്രവൃത്തി പുരോഗമിക്കുന്നു (63%).

2. കൊട്ടിയൂർ-ബോയ്സ് ടൗൺ (43.0 കി. മി.) പ്രവൃത്തി പുരോഗമിക്കുന്നു(85%).

3. കുഞ്ഞോം - നിറവിൽപുഴ - ചുങ്കക്കുട്ടി (8.521 കി. മി.) - പ്രവൃത്തി പുരോഗമിക്കുന്നു (25%).

**കണ്ണൂർ ജില്ല**

1. വള്ളിത്തോട് അമ്പായത്തോട് (25.3 കി. മി.) - പ്രവൃത്തി പുരോഗമിക്കുന്നു (80%).

2. അമ്പായത്തോട്- ബോയ്സ് ടൗൺ (6.0 കി. മി.) - സാങ്കേതികാനുമതി നൽകി PED കിഫ്ബിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. വനഭൂമിയുടെ ഒന്നാം ഘട്ട അംഗീകാരം ലഭിച്ചു. രണ്ടാം ഘട്ട അംഗീകാരത്തിനായി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡിന്റെ വിശദാംശങ്ങൾ സഹിതം പരിവേഷ് പോർട്ടലിൽ

അപ്ലോഡ് ചെയ്യുന്നതിന് മ്യൂട്ടേഷൻ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടറിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള ശ്രമം തുടരുന്നു.

**കാസർകോട് ജില്ല**

1. കോളിച്ചാൽ ചെറുപുഴ (28.87 കി. മീ.) – പ്രവൃത്തി പുരോഗമിക്കുന്നു (98%).

2. ചേവാർ – ഇടപ്പറമ്പ (27.97 കി. മീ.) – പ്രവൃത്തി പുരോഗമിക്കുന്നു (90%).

സെക്ഷൻ ഓഫീസർ